# കേരള സർവകലാശാല

നം. പി.ആർ.193/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ക്ലാസ്സുകൾ ഉണ്ടായിരിക്കില്ല

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന എല്ലാ കോഴ്സുകൾക്കും സെപ്തംബർ ഒന്ന് മുതൽ 10 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല.

### ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നെടുമങ്ങാട് പനവൂർ മുസ്ലിം അസോസിയേഷൻ കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. കോഴ്സ് കാലാവധി ആറ് മാസം. യോഗ്യത പ്ലസ്ടു/പ്രീഡിഗ്രി ജയം. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. അപേക്ഷ ഫീസ് 110 രൂപ. അപേക്ഷ കോളേജിലെ തുടർ വിദ്യാഭ്യാസ യൂണിറ്റിൽ നിന്നും ലഭിക്കും. ഫോൺ: 0472-2867555, 7293973530.

### ബി.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്സി ബയോ കെമിസ്ട്രി, ജിയോഗ്രഫി പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്തംബർ 19 മുതൽ അതത് കോളേജിൽ വച്ച് നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ദേശീയ കോൺഫറൻസ്

കേരള സർവകലാശാല അറബി വിഭാഗം ഗവേഷക വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ നവംബർ 15-ന് അറബി ഭാഷാ ഗവേഷകരുടെ ദേശീയ കോൺഫറൻസ് കാര്യവട്ടം ക്യാമ്പസിൽ വച്ച് സംഘടിപ്പിക്കുന്നു. പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താൽപ്പര്യമുള്ള അറബി ഗവേഷക വിദ്യാർത്ഥികൾ 9847053340, 9744891557 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

### എം.എ ഹിസ്റ്ററി സീറ്റ് ഒഴിവ്

കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ ഹിസ്റ്ററി പഠന വകുപ്പിൽ ഒന്നാം വർഷ എം.എ ഹിസ്റ്ററി (സി.എസ്.എസ്.) 2017-18 പ്രോഗാമിൽ എസ്.റ്റി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ അസൽ രേഖകളുമായി 2017 ആഗസ്റ്റ് 31-ാം തീയതി (വ്യാഴാഴ്ച) രാവിലെ 11 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ 0471-2308839, 09446533386 ബന്ധപ്പെടുക.

### എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ വൈവ വോസി

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന രണ്ടാം വർഷ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ സപ്ലിമെന്ററി പരീക്ഷയുടെ വൈവ

വോസി ആഗസ്റ്റ് 31 രാവിലെ 10.30-ന് പാളയത്തുള്ള വിദൂര വിദ്യാഭ്യാസ കേന്ദ്ര ത്തിൽ വച്ച് നടക്കും.

തിരുവനന്തപുരം.
29.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098